# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# അയിരൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2020-2021**



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**
**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി-8/493/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയതി: 23/05/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയിരൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി-8/493/2022 തീയ്യതി: 23/05/2022

# പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 25-04-2022 | 07-05-2022 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-04-2022 | 07-05-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.മുഹ്സിൻ ഫൈസൽ,ഓഡിറ്റ് ഓഫീസർ
ശ്രീ.ഹരികുമാർ.എം അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി അശ്വതി.വി.നായർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.റ്റി.റ്റി.തോമസ് കുട്ടി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി അനിത കുറുപ്പ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| എ.ജി.അനിൽകുമാർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജയൻ ഡി നായർ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ജോർജ് തോമസ് | കൃഷി ഓഫീസർ | 01-04-2020 | 16-06-2020 |
| കെ.വി.വിനോദ് | കൃഷി ഓഫീസർ(ചാർജ്) | 17-06-2020 | 29-12-2020 |
| നിഖിൽ.കെ | കൃഷി ഓഫീസർ | 30-12-2020 | 31-03-2021 |
| ഡോ.സൂസൻ ജോസഫ് | വെറ്ററിനറി സർജൻ | 01-04-2020 | 16-09-2020 |
| ഡോ.ജോർജ് വർഗീസ് | വെറ്ററിനറി സർജൻ | 17-09-2020 | 31-03-2021 |
| വിദ്യ.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ഷെനൂബ് പി.എസ് | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| അനിത എസ് | അസി.എഞ്ചിനീയർ | 01-04-2020 | 30-09-2020 |
| ഹരിലാൽ.പി | അസി.എഞ്ചിനീയർ | 01-10-2020 | 04-10-2020 |
| പ്രകാശൻ.ഡി | അസി.എഞ്ചിനീയർ | 05-10-2020 | 07-02-2021 |
| അനുപമ പി.ആർ | അസി.എഞ്ചിനീയർ | 02-02-2021 | 31-03-2021 |
| ശ്യാം കുമാർ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2020 | 30-09-2020 |
| ഹാസ്ലിം എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1(ചാർജ്) | 04-09-2020 | 31-03-2021 |
| അഖില വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2020 | 17-06-2020 |
| ശ്യാം കുമാർ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2(ചാർജ്) | 18-06-2020 | 03-09-2020 |

| | | | |
|---|---|---|---|
| ഹാസ്സിം എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2(ചാർജ്) | 04-09-2020 | 31-03-2021 |
| ഡോ.രാജശ്രീ ബി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| മേരി ഹെലൻ | ഹെഡ്മാസ്റ്റർ | 01-04-2020 | 16-06-2020 |
| ശശികല റ്റി.എസ് | ഹെഡ്മാസ്റ്റർ | 17-06-2020 | 31-03-2021 |
| ഉഷ കെ.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-05-2020 |
| റാഫിയ പി.എ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-06-2020 | 31-03-2021 |
| ഡോ.അജിത.പി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 01-06-2020 |
| ഡോ.സിബിൻ മാത്യു | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 02-06-2020 | 31-03-2021 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം-അപാകതകൾ | 1-4-1 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തൊഴിൽനികുതി പിരിവ് പൂർണ്ണമല്ല | 1-11 |
| 13 | എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നില്ല | 1-12 |
| 14 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല | 1-13 |
| 15 | പൊതു ടാപ്പുകളുടെ വെള്ളക്കരം- ഗ്രാമപഞ്ചായത്തിന് 1.12 കോടി രൂപ ബാധ്യത | 1-14 |
| 16 | കളക്ടേഴ്സ് @ സ്കൂൾ പദ്ധതി- മാലിന്യ സംഭരണത്തിനുള്ള ബിന്നുകൾ ലഭിച്ചില്ല | 1-15 |
| 17 | ഇ-ടെണ്ടർ ഫീസ് തിരികെ ലഭിച്ചില്ല | 1-16 |
| 18 | ടെണ്ടർ കുറവ് വരുത്താതെ കരാറുകാരന് തുക നൽകി | 1-17 |
| 19 | സംയുക്ത പദ്ധതികൾക്ക് ലഭിക്കുന്ന ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു | 1-18 |
| 20 | മെഡിക്കൽ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-19 |
| 21 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം | 1-20 |
| 22 | അംഗൻവാടി പോഷകാഹാരം- സ്റ്റോക്ക് രജിസ്റ്റർ കൃത്യമല്ല | 1-21 |
| 23 | എ.ബി.സി. പ്രോഗ്രാം- ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിട്ടറിംഗ് ഇല്ല | 1-22 |
| 24 | നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല- തുടർ നിരീക്ഷണം അനിവാര്യം | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | നിക്ഷേപ പ്രവൃത്തികൾ | 4-1 |
| 2 | സംയുക്തപ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-7 |
| 8 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

31.03.2020 ലെ പഞ്ചായത്ത് ബജറ്റ് കമ്മിറ്റിയിൽ അവതരിപ്പിച്ച 2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 1-1 തീരുമാന പ്രകാരം അംഗീകാരം നേടി. ₹131220543- വരവും ₹79324500/- ചെലവും ₹51896043/- രൂപ മിച്ചവും വരുന്നതായിരുന്നു ബജറ്റ്. 24.02.2021ൽ പരിഷ്കരിച്ച ബജറ്റ്അംഗീകരിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

ബജറ്റിൽ എസ്റ്റിമേറ്റിൽ കൂടുതൽ ഏതിനത്തിലെങ്കിലും ചെലവഴിച്ചാൽ വ്യതിയാനം വ്യക്തമാക്കി പുതുക്കിയ ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകൾ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. എന്നാൽ, പഞ്ചായത്ത് 2020-21ലെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയെങ്കിലും പുതുക്കിയ പ്രൊപ്പോസലുകൾ സ്വീകരിച്ചിട്ടില്ല. 2020-21ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്.

**ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ വ്യതിയാനം-ബജറ്റ് അവലോകനം നടത്തുന്നില്ല**

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസത്തെയും വരവ്-ചെലവുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ, ബജറ്റിനെ അടിസ്ഥാനപ്പെടുത്തിയല്ല കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്. എല്ലാ മാസവും ബജറ്റ് അലവോകനം നടത്തുന്നില്ല. അതിനാൽ, 2020-21ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. പ്രധാന വരവ് ചെലവ് വിഭാഗങ്ങളിലെയും അവയിൽ വരുന്ന പ്രധാന ഉപ ഇനങ്ങളുടെയും ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | | നികുതി വരവുകൾ | 7500000 | 5414465 | 2085535 |
| | എ | വസ്തുനികുതി | 5000000 | 4166025 | 833975 |
| | ബി | തൊഴിൽ നികുതി | 1500000 | 1253440 | 246560 |
| 2 | | നികുതിയിതര വരവുകൾ | 1100000 | 1136389 | (-)36389 |
| | ബി | ലൈസൻസ് | 20000 | 134060 | (-)114060 |
| | | പലിശ | 200000 | 395738 | -195738 |
| 3 | | പൊതു ഉദ്ദേശ്യ ഗ്രാന്റ് | 15000000 | 11095769 | 3904231 |
| 4 | | വികസന ഫണ്ട് | 10810000 | 31896251 | (-)21086251 |
| 5 | | സംരക്ഷണ ഗ്രാന്റ് | 00 | 11804176 | -11804176 |
| 6 | | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 6400000 | 8869064 | (-)2469064 |
| 7 | | ഭരണ ചെലവുകൾ | 2245000 | 1037870 | 1207130 |
| 8 | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 11375000 | 4855717 | 6519283 |
| 9 | | പ്ലാൻ-ഉല്പാദന മേഖല | 5900000 | 4327792 | 1572208 |
| 10 | | പ്ലാൻ-സേവന മേഖല | 25842000 | 35765859 | (-)9923859 |
| 11 | | പ്ലാൻ-പശ്ചാത്തല മേഖല | 11100000 | 1985701 | 9114299 |

| | | | | | |
|---|---|---|---|---|---|
| 12 | | പ്ലാൻ-മേഖല വിഭജനത്തിൽ ഉൾപ്പെടാത്തത് | 2350000 | 2007263 | 342737 |
| 13 | | മെയിന്റനൻസ് പ്രോജക്ടുകൾ | 12760000 | 6470926 | 6289074 |

ബജറ്റ് പ്രകാരം സംരക്ഷണ ഗ്രാന്റിന് വരവ് ഇല്ല. എന്നാൽ, വാർഷിക കണക്കുകൾ പ്രകാരം വരവുണ്ട്. ഗ്രാമപഞ്ചായത്തിന് എല്ലാ വർഷവും ലഭിക്കുന്ന സംരക്ഷണ ഗ്രാന്റ് ഉൾപ്പെടുത്താതെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് ധനകാര്യ മാനേജ്മെന്റിന്റെ അടിസ്ഥാനശിലയായ ബജറ്റിനെ ലാഘവത്തോടെ പരിഗണിക്കുന്നതു കൊണ്ടാണ്. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക പരിശോധന

സ്ഥാപനത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.ഷെഡ്യൂൾ ബി-3 : Capital Cintribution-മുൻവർഷത്തെ തുക തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവഴിച്ച തുക ബന്ധപ്പെട്ട ഹെഡിലേക്ക് മാറ്റിയിട്ടില്ല.

2.വികസനഫണ്ട്-ജനറൽ വിഭാഗത്തിൽ ലൈഫ് മിഷൻ ഭവനപദ്ധതി വായ്പാ തിരിച്ചടവിനായി സ്രോതസ്സിൽ കുറവ് ചെയ്ത 1,82,843രൂപ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

3.വികസനഫണ്ട്-ജനറൽ വിഭാഗത്തിൽ അങ്കണവാടി ഹോണറേറിയം നൽകുന്നതിനായി സ്രോതസ്സിൽ കുറവ് ചെയ്ത 7,30,000 രൂപ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

4.വികസനഫണ്ട്-എസ്.സി.പി. വിഭാഗത്തിൽ ലൈഫ് മിഷൻ ഭവനപദ്ധതി വായ്പാ തിരിച്ചടവിനായി സ്രോതസ്സിൽ കുറവ് ചെയ്ത 36,647രൂപ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

5.മെയിന്റനൻസ് ഗ്രാന്റ്-റോഡിതര വിഭാഗത്തിൽ വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനായി സ്രോതസ്സിൽ കുറവ് ചെയ്ത 40,053/- രൂപ വാർഷിക കണക്കിൽ വരവിലും ചെലവിലും രേഖപ്പെടുത്തിയിട്ടില്ല.

6. ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ വിവരം രേഖപ്പെടുത്തി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

Deposit With KWA - Rs. 41,22,804

Depoist With KSEB - Rs. 42,42,457

Deposit With GWA - Rs. 1,75,029

7. ഷെഡ്യൂൾ ബി-18: പൊതുമരാമത്ത് വകുപ്പിന് 2015 വർഷം മുൻകുർ നൽകിയിട്ടുള്ള 1,52,942 രൂപ പ്രവൃത്തി പൂർത്തീകരിച്ചത് നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

8. ഷെഡ്യൂൾ ബി-18: Advace To Nirmithi Kendra- 2018-ൽ മുൻകൂറായി നൽകിയ10,35,000 രൂപ, പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും ക്രമീകരിച്ചിട്ടില്ല.

9. ഷെഡ്യൂൾ ബി-18: Temporary Advance To Official Purposes-NREGS ന് നൽകിയ അഡ്വാൻസ് നീക്കിയിരുപ്പ് തുക 8,22,840രൂപ. NREGS ലഭ്യമാക്കിക കണക്ക് പ്രകാരം 7,60,022 രൂപയാണ്.

10. ഷെഡ്യൂൾ ബി-4: PYCKA- 21.2.2015 ൽ ലഭിച്ച 3,70,000 രൂപ പ്രവൃത്തി പൂർത്തീകരിച്ച് നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

11. ഷെഡ്യൂൾ ബി-4: Grants And Contributions For Specific Purposes- അങ്കണവാടി പോഷകാഹാരത്തിന് ലഭിച്ച 13,881 രൂപ തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

12. ഷെഡ്യൂൾ ബി-4: Grant For Festivals- ചെലവ് തുക അക്കൗണ്ടിൽ ക്രമീകരിച്ചിട്ടില്ല.

13.ഷെഡ്യൂൾ ബി-4: Donation Related To Pandemic-സംഭാവന ലഭിച്ച 5,000 രൂപ ബാധ്യത ഹെഡിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.

14. ഷെഡ്യൂൾ ബി-4: ICDS ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടാനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

15. ഷെഡ്യൂൾ ബി-4: Grants And Contributions For Specific Purposes-Suchitwa Mission- ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടാനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

16. ഷെഡ്യൂൾ ബി-4: Beneficiary Contributions- 34,522 രൂപയുടെ നീക്കിയിരുപ്പ് തുകയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടില്ല.

17. ഷെഡ്യൂൾ ബി-4: Contribution For JV Projects Block Pt. ( Capital & Revenue Exp.)- വർഷങ്ങളായി ചെലവഴിച്ച തുകകൾ ക്രമീകരിക്കാതെ നീക്കിയിരിപ്പിൽ അവശേഷിക്കുന്നു.

18. ഷെഡ്യൂൾ ബി-4: Contribution For JV Projects Dist. ( Capital & Revenue Exp.)- വർഷങ്ങളായി ചെലവഴിച്ച തുകകൾ ക്രമീകരിക്കാതെ നീക്കിയിരിപ്പിൽ അവശേഷിക്കുന്നു.

19. ഷെഡ്യൂൾ ബി-5: Loan From KURDFC- രേഖപ്പെടുത്തിയിരിക്കുന്ന തുക കൃത്യമല്ല. ലോൺ തിരിച്ചടവിനായി 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ സോഴ്സിൽ കുറവ് ചെയ്ത തുക ലോൺ അക്കൗണ്ടിൽ കുറവ് ചെയ്തിട്ടില്ല.

20. ഷെഡ്യൂൾ ബി-7: Deposits Received- തുകയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടില്ല.

21. ഷെഡ്യൂൾ ബി-9: Pension Contribution Payable- ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നത് 74,210 രൂപയാണ്. യഥാർത്ഥ ബാധ്യത പിന്നീട് നൽകിയത് 70,970രൂപയാണ്.

22. ഷെഡ്യൂൾ ബി-9: Recoveries Payable GPF-ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നത് 23,290 രൂപയാണ്. യഥാർത്ഥ ബാധ്യത പിന്നീട് ഒടുക്കിയത് 16,590 രൂപയാണ്.

23. ഷെഡ്യൂൾ ബി-9: Recoveries Payable SLI-ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നത് 6,725 രൂപയാണ്. യഥാർത്ഥ ബാധ്യത പിന്നീട് ഒടുക്കിയത് 6,225 രൂപയാണ്.

24.ഷെഡ്യൂൾ ബി-9: Recoveries Payable LIC-ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നത് 5,400 രൂപയാണ്. യഥാർത്ഥ ബാധ്യത പിന്നീട് ഒടുക്കിയത് 5000 രൂപയാണ്.

25. ഷെഡ്യൂൾ ബി-9: Recoveries Payable KPEPF-ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെട്ടില്ല.

26. ഷെഡ്യൂൾ ബി-9: Recoveries Payable IT TDS, VAT, KCWWF-ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത ബോധ്യപ്പെട്ടില്ല.

27. ഷെഡ്യൂൾ I-6 & I-14(A): MG-NREGA- ലഭ്യമാക്കിയിട്ടുള്ള വരവ് ചെലവ് കണക്കുകൾ, വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

28.ഷെഡ്യൂൾ ബി-18: Festival Advance- രേഖപ്പെടുത്തിയിരിക്കുന്ന തുക സംബന്ധിച്ച് കൃത്യമായ വിവരം ഇല്ല.

29. ഷെഡ്യൂൾ ബി-11(A): Capital Work In Progress- പ്രവൃത്തി പൂർത്തീകരിച്ചത് ബന്ധപ്പെട്ട ആസ്തി ഹെഡിലേക്ക് മാറ്റിയിട്ടില്ല.

30. ഷെഡ്യൂൾ ബി-17: Cash & Bank Balance- പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കിന്റെ പേരിലുള്ള 10/105/01 അക്കൗണ്ടിൽ 9,231.60 രൂപ നീക്കിയിരുപ്പുണ്ട്. പ്രസ്തുത ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

31. ഷെഡ്യൂൾ ബി-17: Cash & Bank Balance -പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക്, അയിരൂർ ശാഖയിലുള്ള സ്ഥിരനിക്ഷേപം നീക്കിയിരുപ്പ് 1,51,978 രൂപയാണ്. വാർഷിക കണക്കിൽ 1,41,375 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

32. ഷെഡ്യൂൾ ബി-17: Cash & Bank Balance- Treasury STSB- Joint Venture -നീക്കിയിരുപ്പ് തുക B4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

33. ഷെഡ്യൂൾ ബി-5: Loan From KURDFC- ഗുണഭോക്താക്കൾക്ക് നൽകിയ4,06,935 രൂപ ലോൺ അക്കൗണ്ടിൽ തെറ്റായി കുറവ് ചെയ്തിരിക്കുന്നു.

34. ഷെഡ്യൂൾ ബി-4: Recoveries Payable-COVID: രേഖപ്പെടുത്തിയിരിക്കുന്ന തുക കൃത്യമല്ല. നിലവിൽ ബാധ്യതയായി നിൽക്കുന്ന തുക 1,25,400 രൂപയാണ്. വാർഷിക കണക്കിൽ 1,01,112 രൂപയാണ്.
35.പൊതുടാപ്പുകളുടെ വെള്ളക്കരംകുടിശ്ശിക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
36.സ്ഥിര നിക്ഷേപം B12ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 17824223 |
| ഓഡിറ്റ് വർഷത്തെ വരവ് | 69531749 |
| ആകെ വരവ് | 87355972 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 71601914 |
| നീക്കിയിരിപ്പ് | 15754058 |

## 1-4-1 ഗ്രാന്റ് വിനിയോഗം-അപാകതകൾ

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിലും(അലോട്ട്മെന്റ്) ചെലവിവും ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക | ചെലവ് തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 3,65,686 | 1 ,82,843 |
| ,, | അങ്കണവാടി അധിക വേതനം | 10,95,000 | 7,30,000 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 73,294 | 36,647 |
| മെയിന്റനൻസ് Iഗ്രാന്റ് നോൺ-റോഡ് | വോട്ടിംഗ് മെഷീൻ വാങ്ങൽ | 40,053 | 40,053 |

## 1-4 ഗ്രാന്റ് വിനിയോഗം

**അയിരൂർ ഗ്രാമപഞ്ചായത്ത്**

**ഗ്രാന്റ് വിനിയോഗം 2020-21**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | ട്രഷറി ക്യൂ ബിൽ | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 17949154 | 17949154 | 17201015 | -- | 748139 | |
| വികസന ഫണ്ട്-എസ്.സി.പി | ,, | 3097000 | 3097000 | 2119554 | -- | 977446 | |
| വികസന ഫണ്ട്-ടി.എസ്.പി | ,, | 91000 | 91000 | 40000 | -- | 51000 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | ,, | 5390000 | 5390000 | 3971097 | -- | 1418903 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | ,, | 9653458 | 9653458 | 9514075 | -- | 139383 | |

| | | | | | | | |
|---|---|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | ,, | 8800000 | 8800000 | 8113188 | -- | 686812 | |
| മെയിന്റനൻസ് Iഗ്രാന്റ് നോൺ-റോഡ് | ,, | 3960000 | 3960000 | 3731041 | -- | 228959 | |
| **പ്രത്യേക ഗ്രാന്റ്/അവാർഡ്** | | | | | | | |
| ശബരിമല | 788743 | 570000 | 1358743 | -- | -- | 1358743 | |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്** | | | | | | | |
| ശുചിത്വ മിഷൻ | 1888080 | 2255853 | 4143933 | 1359504 | -- | 2784429 | |
| സാക്ഷരത | 23340 | -- | 23340 | -- | -- | 23340 | |
| **കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | | | |
| ഐ.സി.ഡി.എസ്. | 277824 | 437858 | 715682 | 444493 | -- | 271189 | |
| എം.ജി.എൻ. ആർ.ജി.എസ് | 170993 | 995816 | 1166809 | 682155 | -- | 484654 | |
| പൈക്ക | 370000 | -- | 370000 | -- | -- | 370000 | |
| ശുചിത്വം | 525550 | -- | 525550 | -- | -- | 525550 | |

## 1-5 പദ്ധതി അവലോകനം

2019-20 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 228 | 100665369 | 191 | 56772491 | 0 | 37 | 83.77 |

2020-21 വാർഷിക പദ്ധതി അംഗീകാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സർക്കാർ നിശ്ചയിച്ച സമയത്തിനുള്ളിൽ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകളുടെയോഗം | 2-3-2020 |
| ഗ്രാമസഭകൾ | 30-1-20മുതൽ 13-2-20വരെ |
| സ്റ്റാന്റിംഗ് കമ്മിറ്റി | 11-3-20 |
| വികസന സെമിനാർ | 6-3-20 |
| പഞ്ചായത്ത് കമ്മിറ്റി | 17-3-20 |

വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളുടെ പരിധിയിൽ വരുന്ന വിഷയങ്ങളിൽ ആഴത്തിലുള്ള വിശകലനങ്ങൾ നടത്തി ഏറ്റവും പ്രാധാന്യമുള്ള പ്രോജക്ടുകൾ നിർദേശിക്കുന്നതിനു പകരം മുൻവർഷങ്ങളിൽ ചെയ്തതുപോലെ ആവർത്തനപരമായ പ്രോജക്ടുകൾ നിർദേശിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. സ്റ്റാന്റിംഗ് കമ്മറ്റികളിൽ വാർഷിക പദ്ധതി സംബന്ധിച്ച് വിശദമായ വിശകലനങ്ങൾ നടത്താതെ വർക്കിംഗ് ഗ്രൂപ്പുകളുടെ നിർദേശങ്ങൾ അതേപടി അംഗീകരിച്ചിട്ടുള്ളത്, ഗ്രാമപഞ്ചായത്തിന്റെ വികസന ആവശ്യങ്ങൾ ക്രിയാത്മകമായി ചർച്ച ചെയ്ത് ഏറ്റവും ആവശ്യമുള്ളതും പ്രായോഗികവും അനുയോജ്യമായതുമായ പ്രോജക്ടുകൾ തെരഞ്ഞടുക്കുന്നതിലും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾ സർക്കാർ നിർദേശിച്ചിട്ടുള്ള പ്രകാരം നടത്തുന്നതിലുണ്ടാവുന്ന ജാഗ്രതക്കുറവും പഞ്ചായത്തിന്റെ ആകെ വികസനത്തിനും പദ്ധതി സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിനും തടസ്സമാവുന്നുണ്ട്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയപ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 9 | 5379000 | 1588562 |

| | | | | |
|---|---|---|---|---|
| വെറ്ററിനറി സർജൻ | 7 | 6 | 2460400 | 1353786 |
| മെഡിക്കൽ ഓഫീസർ- പി.എച്ച്.സി | 3 | 3 | 940000 | 913600 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 1 | 1 | 100000 | 100000 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 10 | 8 | 22881920 | 9875740 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 9 | 6 | 2033700 | 209291 |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | 7 | 4 | 3587785 | 2665227 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 890000 | 672500 |
| സെക്രട്ടറി | 43 | 38 | 22667028 | 13147454 |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ് | 4 | 3 | 1108280 | 789160 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 119 | 100 | 34289452 | 23238504 |
| അസി.സെക്രട്ടറി | 10 | 10 | 3022804 | 2125921 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 1 | 1305000 | 92746 |
| ആകെ | 228 | 191 | 100665369 | 56772491 |

വിഭാഗം

| വിഭാഗം | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 211 | 176 | 83.41 | 93425318 | 53451761 | 57.20 |
| പ്രത്യേക ഘടകപദ്ധതി | 15 | 13 | 86.67 | 6587415 | 3253094 | 49.38 |
| പട്ടികവർഗ്ഗ ഉപപദ്ധതി | 2 | 2 | 100 | 652636 | 67636 | 10.36 |
| ആകെ | 228 | 191 | 83.77 | 100665369 | 56772491 | 56.4 |

മേഖല

| മേഖല | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | ശതമാനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| ഉല്പാദനം | 25 | 21 | 84 | 11639400 | 4628847 | 39.77 |
| സേവനം | 86 | 66 | 76.74 | 51722411 | 25637396 | 49.57 |
| പശ്ചാത്തലം | 117 | 104 | 88.89 | 37303558 | 26506248 | 71.06 |
| ആകെ | 228 | 191 | 83.77 | 100665369 | 56772491 | 56.4 |

2020-21വർഷം അസി.എഞ്ചിനീയർ നടപ്പാക്കിയ പ്രവത്തികളിൽ പകുതിയോളം ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്.ഇത് ടെണ്ടർ നടപടികൾ കൂടുതൽ മത്സരാധിഷ്ഠിതമാകുന്നതിനും,അതുവഴി ഗണ്യമായതോതിൽ ടെണ്ടർ സേവിംഗ്സ് പഞ്ചായത്തിന് ലഭിക്കുന്നതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്.കരാറുകാരുടെ ബില്ലിൽനിന്നും ടെണ്ടർ കുറവ് വരുത്താതിരുന്നതിനാൽ മൂന്ന് പ്രവൃത്തികൾക്കായി കരാറുകാർക്ക് അധികം തുക നൽകിയതിൽ രണ്ട് പ്രവൃത്തികൾക്ക് അധികം നൽകിയ തുക ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് തിരികെ ഒടുക്കിയിട്ടുണ്ട്.അവശേഷിക്കുന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 170993 | 995816 | 1166809 | 682155 | 484654 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 15786976 | 15786976 | 15786976 | 0 |
| ആകെ | 170993 | 16782792 | 16953785 | 16470131 | 484654 |

## 1-7 ക്ഷേമപദ്ധതികൾ

2020-21 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3030400 | 200 |
| വിധവാപെൻഷൻ | 12580600 | 825 |
| വാർദ്ധക്യകാലപെൻഷൻ | 34112700 | 2334 |
| മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 4206000 | 291 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 443600 | 29 |
| തൊഴിൽരഹിത വേതനം | 720 | 1 |

## 1-8 ക്യാഷ് പരിശോധന

1994- ലെ ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 30-04-2022, 03.10 പി.എം-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 8190/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുള്ളത് കൃത്യമായ ഇടവേളകളിൽ ജോലി

വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തി ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയവ കാലികമായി എഴുതി സൂക്ഷിക്കുകയോ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല. ആസ്തികൾ എല്ലാം തിട്ടപ്പെടുത്തുകയും പരിപാലനം കൃത്യമായി നടത്തുകയും ചെയ്യുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടുമാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.12.2017 | 2013-14 മുതൽ 2016-17 വരെ | 17.01.2018 |
| പെർഫോമൻസ് ഓഡിറ്റ് | 03.01.2022,04.01.2022 | 04.2021 മുതൽ 12.2021 വരെ | ലഭ്യമായിട്ടില്ല |

## 1-11 തൊഴിൽനികുതി പിരിവ് പൂർണ്ണമല്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനവും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നീ രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|

| | | |
|---|---|---|
| 1 | എൻ എസ് എസ് എച്ച് എസ് എസ് , തടിയൂർ | ഒന്നാം അർദ്ധവർഷം |
| 2 | മർത്തോമ്മ ഇംഗ്ലീഷ് മീഡിയം സ്കൂൾ, കോറ്റാത്തൂർ | ഒന്നാം അർദ്ധവർഷം |
| 3 | ഗുരുകൃപ ഫ്യൂവൽസ്, ചെറുകോൽപ്പുഴ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 4 | അയിരൂർ വില്ലേജ് സഹകരണബാങ്ക്, തടിയൂർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

2. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക്, അയിരൂർ | രണ്ടാം അർദ്ധവർഷം |
| 2 | കെ.എസ്.ഇ.ബി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 6 | ക്ഷീരോത്പാദക സഹകരണസംഘം, പ്ലാങ്കമൺ | ഒന്നാം അർദ്ധവർഷം |

3. 2020-21 വർഷം പഞ്ചായത്തിൽ മരാമത്തുപ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല. കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതും അല്ലാത്തപക്ഷം അവരിൽ നിന്ന് ചട്ട പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്.

ഗ്രാമപ്പഞ്ചായത്തിന്റെ പ്രധാന തനത് വരുമാനങ്ങളിലൊന്നാണ് തൊഴിൽനികുതി. തൊഴിൽ നികുതി അസസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും പഞ്ചായത്ത് രാജ് നിയമത്തിലും തൊഴിൽ നികുതി ചട്ടങ്ങളിലും ഉള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളിലെയും തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരെയും തൊഴിൽ നികുതി ഡിമാൻഡിലേക്ക് കൊണ്ടുവരേണ്ടതും ഈ ഇനത്തിലുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-12 എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നില്ല

വ്യാപാര ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം 2020-21 സാമ്പത്തിക വർഷം 183 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടേയും പട്ടിക തയ്യാറാക്കി ഡിമാന്റ് ചെയ്യുന്നതിനു പകരം ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ മാത്രം ഡിമാന്റിലുൾപ്പെടുത്തുകയാണ് ചെയ്യുന്നത്. ആയതിന് അനുസൃതമായാണ് വാർഷിക കണക്കിലും ഡിമാന്റ് ഉൾപ്പെടുത്തുന്നത്. കേരളാ പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യമോ അപകടം ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിൽ നിന്നായി 949 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിനായി നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത് 183 സ്ഥാപനങ്ങളിൽ നിന്നുമാത്രമാണ്. ഇവയിൽ ഇരുപതോളം സ്ഥാപനങ്ങൾ മാത്രമാണ് ഒന്നിൽ കൂടുതൽ കെട്ടിടങ്ങളിലായി പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തിൽ നിന്നും വ്യവസായ/വാണിജ്യ വിനിയോഗങ്ങൾക്കു കെട്ടിട നമ്പർ നൽകിയിട്ടുള്ള പല കെട്ടിടങ്ങളിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നു ഉറപ്പാക്കുന്നില്ല. പഞ്ചായത്തിലെ 7 വാർഡുകളിൽ നിന്നും പത്തിൽ താഴെ മാത്രം സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. വാണിജ്യാവശ്യത്തിനായി നികുതി നിർണ്ണയിച്ച് നൽകിയിട്ടുള്ള കെട്ടിടങ്ങളിൽ ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് കൃത്യമാക്കേണ്ടതും, ലൈസൻസില്ലാതെ വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-13 മൊബൈൽ ടവറുകളുടെ വസ്തുനികുതി പൂർണ്ണമായി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ 01.04.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ജി.ഒ.(ആർ.റ്റി)നം.19/2011/തസ്വഭവ, തീയതി 14.01.2011 നമ്പർ ഉത്തരവ് പ്രകാരം മൊബൈൽ ടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400 രൂപയും കൂടിയ വസ്തുനികുതി 500 രൂപയുമാണ്. ഇതനുസരിച്ച് 500 രൂപ നിരക്കിൽ ടവറുകളുടെ വസ്തുനികുതി 2013 വർഷം പുനർനിർണ്ണയിച്ചിട്ടുണ്ടെങ്കിലും എല്ലാ ടവർ ഉടമകളിൽ നിന്നും പുതുക്കിയ നിരക്കിൽ നികുതി ഈടാക്കിയിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ 8 മൊബൈൽ ടവറുകളുണ്ട്. ഇവയിൽ 4 ടവറുകൾ 2021 രണ്ടാം അർദ്ധവർഷം വരെയുള്ള നികുതി ഒടുക്കിയതായും. 5/348 നമ്പരിലുള്ള ടവർ (വോഡാഫോൺ) ഡിമോളിഷ് ചെയ്തതായും സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വസ്തുനികുതി ഈടാക്കുവാൻ അവശേഷിക്കുന്ന ടവറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ടവറുകളുടെ വിവരം | വാർഡ് നം./ കെട്ടിട നം. | പ്ലിന്ത് ഏരിയ (ച.മീ) | വാർഷിക വസ്തുനികുതി തുക (രൂ) | നികുതി ഈടാക്കിയതിന്റെ വിവരം (സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം) |
|---|---|---|---|---|---|
| 1 | വിഷ്നെറ്റ് വയർലെസ്സ് ലിമിറ്റഡ് | 12/90 A | 41.9 | 21684 | 2014-15ഒന്നാം അർദ്ധവർഷം മുതൽ ഈടാക്കിയിട്ടില്ല |
| 2 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 13/23 | 41.27 | 28478 | 2020-21 ഒന്നാം അർദ്ധവർഷം മുതൽ ഈടാക്കിയിട്ടില്ല |
| 3 | ഇന്ത്യാ ടെലികോം ഇൻഫ്രാ ലിമിറ്റഡ് | 15/160 A | 41.12 | 21281 | 2019-20ഒന്നാം അർദ്ധവർഷം മുതൽ ഈടാക്കിയിട്ടില്ല |

ടി മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 പൊതു ടാപ്പുകളുടെ വെള്ളക്കരം- ഗ്രാമപഞ്ചായത്തിന് 1.12 കോടി രൂപ ബാധ്യത

തദ്ദേശ സ്വയംഭരണ വകുപ്പിന്‍റെ 11.06.2012 ലെ സ.ഉ(സാ).1583/12/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് കേരള വാട്ടർ അതോറിറ്റി നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ നിശ്ചയമായും ഒടുക്കേണ്ടതാണെന്നും, ഈ ഇനത്തിൽ കുടിശ്ശിക ഉണ്ടാകാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 2022 ഏപ്രിൽ മാസംവരെയുള്ള വെള്ളക്കരം കുടിശ്ശിക 1,12,30,601 രൂപയാണ്. കുടിശ്ശിക തുകയ്ക്ക് വാട്ടർ അതോറിറ്റി പ്രതിമാസം 2 ശതമാനം നിരക്കിലാണ് പിഴപലിശ ഈടാക്കുന്നത്.

243 പൊതു ടാപ്പുകൾക്ക് പ്രതിമാസം 1,17,207 രൂപയാണ് ഗ്രാമപഞ്ചായത്ത് ഒടുക്കുവരുത്തുന്നത്. 2020-21 സാമ്പത്തിക വർഷം പദ്ധതി തുകയിൽ നിന്ന് 15 ലക്ഷം രൂപയും തനത് ഫണ്ടിൽ നിന്ന് 4,39,252 രൂപയും ഉൾപ്പെടെ 19,39,252 രൂപ ഒടുക്കിയിട്ടുണ്ട്. പൊതുടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൽ തയ്യാറാക്കി ഉപയോഗിക്കുന്ന ജലത്തിനു മാത്രമേ പണം നൽകുന്നുള്ളുവെന്ന് ഉറപ്പാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താതെ വാട്ടർ അതോറിറ്റി നൽകുന്ന ഡിമാന്‍റ് നോട്ടീസ് അനുസരിച്ച് വെള്ളക്കരം ഒടുക്കുന്നത് അഭിലഷണീയമായ നടപടിയല്ല.

പൊതു ടാപ്പുകളുടെ നിലവിലെ സ്ഥിതിയും കുടിശ്ശിക തീർക്കാൻ സ്വീകരിച്ച നടപടികളും അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/2020-21 തീയതി: 05-05-2022) ലഭ്യമാക്കിയ മറുപടിയിൽ, 2018-19 സാമ്പത്തിക വർഷം പൊതു ടാപ്പുകൾ സംബന്ധിച്ച് സംയുക്ത പരിശോധന നടത്തിയതിന്‍റെ റിപ്പോർട്ട് നാളിതുവരെ വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടില്ലായെന്നും 2021-22 സാമ്പത്തിക വർഷം സംയുക്ത പരിശോധനയ്ക്ക് വീണ്ടും കത്ത് നൽകിയെങ്കിലും വാട്ടർ അതോറിറ്റി അനുകൂല നിലപാട് സ്വീകരിച്ചില്ല എന്നും അറിയിച്ചിരിക്കുന്നു.

പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ പ്ലഗ് ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ജലജീവൻ മിഷൻ പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കി കഴിഞ്ഞാൽ പൊതു ടാപ്പുകൾ പൂർണ്ണമായും പ്ലഗ് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

പൊതുടാപ്പുകളുള്ള കുടിവെള്ള പദ്ധതികളെക്കാൾ, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള വെള്ളക്കര കുടിശ്ശികയുടെ പിഴപലിശ ഒഴിവാക്കി ലഭിക്കുന്നതിനുള്ള ഇടപെടലുകൾ പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതും, കുടിശ്ശിക എത്രയും വേഗം നിവാരണം ചെയ്ത് പഞ്ചായത്തിന്‍റെ വർദ്ധിച്ചുവരുന്ന ബാദ്ധ്യത തീർപ്പാക്കുന്നതിനും സത്വരനടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-15 കളക്ടേഴ്സ് @ സ്കൂൾ പദ്ധതി- മാലിന്യ സംഭരണത്തിനുള്ള ബിന്നുകൾ ലഭിച്ചില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തടിയൂർ സർക്കിൾ) നിർവ്വഹണം നടത്തിയ കളക്ടേഴ്സ് @ സ്കൂൾ പദ്ധതിക്ക് (എസ്.0225/21) 33,920 രൂപ ചെലവഴിക്കുകയുണ്ടായി. മാലിന്യ സംഭരണ ബിന്നുകൾ സ്ഥാപിക്കുന്നതിനായി നിർവ്വഹണ സ്ഥാപനമായ ഇന്‍റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്‍റർ (IRCTC), പാലക്കാടുമായി കരാറിൽ എർപ്പെടുകയും ചെയ്തു.

ഗ്രാമപഞ്ചായത്തിലെ എൽ.പി/യു.പി സ്കൂളുകളിലായി 32 മാലിന്യ സംഭരണ ബിന്നുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. പദ്ധതി അടങ്കലായ 1,69,600 യുടെ 20% തുക (രു. 33,920) 08-03-2021-ൽ നിർവ്വഹണ സ്ഥാപനത്തിന് മുൻകൂർ നൽകി. അഡ്വാൻസ് നൽകി ഒരു വർഷം കഴിഞ്ഞിട്ടും IRCTC ബിന്നുകൾ ലഭ്യമാക്കിയില്ല.

ബിന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളും ആയത് വൈകുന്നതിനുള്ള കാരണവും വ്യക്തമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/2020-21 തീയതി: 05-05-2022) ലഭ്യമാക്കിയ മറുപടിയിൽ, 2020-21 സാമ്പത്തിക വർഷം സ്പിൽ ഓവറായി നടപ്പാക്കിയ മറ്റൊരു പദ്ധതി പ്രകാരം (എസ്. 0191/21) സ്ഥാപനത്തിന് നൽകുവാനുള്ള 40,000രൂപ നൽകുവാൻ വിട്ടുപോയതിനാലാണ് സ്ഥാപനം ബിന്നുകൾ ലഭ്യമാക്കാതിരുന്നതെന്ന് അറിയിച്ചു.

2022 മാർച്ചിൽ തുക കൈമാറിയിട്ടുണ്ടെന്നും ബിന്നുകൾ ഉടൻ ലഭ്യമാക്കി പദ്ധതി പൂർത്തീകരിക്കുമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

ബിന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 ഇ-ടെണ്ടർ ഫീസ് തിരികെ ലഭിച്ചില്ല

2020-21 വർഷം രണ്ടുലക്ഷത്തിനുമുകളിലുള്ള എല്ലാ മരാമത്ത് പ്രവൃത്തികളും ഗ്രാമപഞ്ചായത്തിൽ ഇ ടെണ്ടർ മുഖേനയാണ് നടപ്പാക്കിയിരിക്കുന്നത്.ഇ ടെണ്ടർ ഫീസ് പിരിക്കുന്നതിന്റെ ആവശ്യത്തിലേക്കായി അസി.എഞ്ചിനീയറുടെ പേരിൽ പ്രത്യേക അക്കൌണ്ട് തുടങ്ങണമെന്ന് 2-10-2017-ലെ ജി.ഒ(എം.എസ്)3186/2017/LSGD പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം അക്കൌണ്ട് തുടങ്ങിയിട്ടില്ല. ഇ-ടെണ്ടർഫീസിനത്തിൽ ചുവടെ ചേർത്തിരിക്കുംപ്രകാരം തുക എക്സി.എഞ്ചിനീയറുടെ അക്കൌണ്ടിൽ എത്തിയിട്ടുണ്ട്.

| വർഷം | തുക |
|---|---|
| 2017-18 | 8850 |
| 2018-19 | 7510 |
| 2019-20 | 16857 |
| 2020-21 | 54121 |
| ആകെ | 87338 |

ഇ-ടെണ്ടർ ഫീസ് പിരിവിനായി എ.ഇ.യുടെ പേരിൽ പ്രത്യേകം അക്കൌണ്ട് തുടങ്ങേണ്ടതും,പ്രസ്തുത ഇനത്തിൽ എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലുള്ള ചെന്നിട്ടുള്ള തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 ടെണ്ടർ കുറവ് വരുത്താതെ കരാറുകാരന് തുക നൽകി

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അയിരൂർ ഗവ.എൽ.പി.എസ്.മെയിന്റനൻസ്(121/21) എന്നപ്രവൃത്തി ടെണ്ടർ വിളിച്ചതിന്റെയടിസ്ഥാനത്തിൽ 8.25%കുറവ് രേഖപ്പെടുത്തിയ ബിജു തോമസ് ജോൺ എന്നകരാറുകാരന് 25-8-2020-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 18(2)നമ്പർ തീരുമാനപ്രകാരം നിർമ്മാണാനുമതി നൽകി. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ടെണ്ടർ കുറവ് വരുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | നൽകാവുന്നത് | നൽകിയത്(എം.ബുക്ക്പ്രകാരം) |
|---|---|---|
| ആകെ വേലമൂല്യം | 380010 | 380010 |
| ടെണ്ടർ കുറവ് (8.25%) | 31351 | -- |
| ബാക്കി | 348659 | 380010 |
| ജി.എസ്.റ്റി 12% | 41839 | 45722 |
| ആകെ | 390498 | 425732 |
| ആദായനികുതി | 3905 | 4257 |
| നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം | 3866 | 4257 |
| സെസ്സ് | 39 | 43 |
| സി.ജി.എസ്.റ്റി | 3905 | 4257 |
| എസ്.ജി.എസ്.റ്റി | 3905 | 4257 |
| കരാറുകാരന് അർഹമായത് | 374878 | 408661 |

ടെണ്ടർ കുറവ് വരുത്താത്തതിനാൽ കരാറുകാരന് അധികമായി നൽകിയ 33783 രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഇത്തരത്തിൽ ടെണ്ടർ കുറവ് വരുത്താതെ കരാറുകാരന് അധികം തുക നൽകിയത് ഓഡിറ്റിൽ കണ്ടെത്തിയതിനെത്തുടർന്ന് ചുവടെ ചേർത്തിരിക്കും പ്രകാരം പഞ്ചായത്തിൽ തുക ഒടുക്കിയിട്ടുണ്ട്.

| ഒടുക്കിയ ആൾ | തുക | രസീത് നം&തീയതി |
|---|---|---|
| രാഹുൽ രാജ് | 5,632 | 1220100530,7-5-22 |
| ശ്രീ ഹരിഹരൻ | 43,880 | 1220100524,6-5-22 |
| ആകെ | 49,512 | |

മരാമത്ത് പ്രവൃത്തികളുടെ ബില്ല് തയ്യാറാക്കുമ്പോൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-18 സംയുക്ത പദ്ധതികൾക്ക് ലഭിക്കുന്ന ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

സംയുക്ത പദ്ധതികളുടെ നിർവഹണത്തിനായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച തുകയിൽ 17,18,314 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി വാർഷിക ധനകാര്യപത്രിക വെളിപ്പെടുത്തുന്നു. വർഷങ്ങളായി അക്കൗണ്ടിൽ അവശേഷിക്കുന്ന തുക, ഏതൊക്കെ കാലയളവിൽ ഏതൊക്കെ പദ്ധതികൾക്ക് ലഭിച്ചതാണെന്നുള്ള വിവരം പഞ്ചായത്ത് അധികൃതരുടെ വൈവശം ഇല്ല.

സംയുക്ത പ്രോജക്റ്റുകളുടെ വിഭവ വിനിയോഗത്തിന് 23.01.2017-ലെ ജി.ഒ.(പി.)നം.07/2017/ധന. നമ്പർ ഉത്തരവ് പ്രകാരം ധനവകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിക്കുന്ന തുക അതേവർഷം ചെലവഴിക്കാൻ കഴിയില്ലെങ്കിൽ ഫെബ്രുവരി 28-നകം തുക നൽകിയ തദ്ദേശഭരണ സ്ഥാപനത്തിന് തിരികെ നൽകണം. സാമ്പത്തിക വർഷാന്ത്യത്തിൽ സംയുക്ത പ്രോജക്റ്റിന്റെ നിർവ്വഹണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽനിന്നുള്ള ചെലവും, ട്രഷറി തുകയും തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതും, അക്കൗണ്ടിൽ ചെലവാകാതെ അവശേഷിക്കുന്ന തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. പൂർത്തിയാക്കാത്ത സംയുക്ത പ്രോജക്റ്റുകൾക്കുള്ള സ്പിൽഓവർ ബാദ്ധ്യത പ്രോജക്റ്റിന് പങ്കാളിത്തം വഹിക്കുന്ന തദ്ദേശസ്ഥാപനങ്ങൾ തങ്ങൾക്ക് തുടർന്നു വരുന്ന വർഷം ലഭിക്കുന്ന അലോട്ട്മെന്റിൽനിന്നും വകയിരുത്തേണ്ടതുമാണ്. സംയുക്ത പദ്ധതികൾക്ക് ലഭിക്കുന്ന തുക കൃത്യമായി അതത് പദ്ധതികൾക്ക് വിനിയോഗിക്കേണ്ടതും വിനിയോഗ വിവരം ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളെ അറിയിക്കേണ്ടതുമാണ്. സംയുക്ത പദ്ധതികളുടെ വിനിയോഗത്തിന് പഞ്ചായത്ത് തലത്തിൽ ശക്തമായ മോണിറ്ററിംഗ് സംവിധാനം ഉണ്ടാകേണ്ടത് അനിവാര്യമാണ്.

## 1-19 മെഡിക്കൽ ഉപകരണങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (സി എച്ച് സി) നിർവ്വഹണം നടത്തിയ പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി പെർഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലേയ്ക്ക് മുൻകൂറായി തുക ഒടുക്കിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ മെഡിക്കൽ ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ പേര് | കെ.എം.എസ്.സി. എൽ ന് ഒടുക്കിയ തുക/ ബിൽ നമ്പർ- തീയതി | പെർഫോർമ ഇൻവോയ്സ് നമ്പർ | ലഭ്യമായ മരുന്ന് (രൂപ) | ലഭ്യമാക്കാൻ അവശേഷിക്കുന്നത് (രൂപ) |
|---|---|---|---|---|
| 09/21 പാലിയേറ്റീവ് കെയർ പ്രോജക്ട് | 100000/- 07/20-21-30.03.2021 | PRF 6409/ 20.03.2021 | 34341 | 65659 |

പാലിയേറ്റീവ് കെയർ പ്രോജക്റ്റിൽ രോഗികൾക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥനും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 25 |
| സ്വന്തമായി കെട്ടിടമുള്ളവ | 9 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 14 |
| വാടകരഹിതമായി പ്രവർത്തിക്കുന്നവ | 2 |
| ടോയിലറ്റ് സൗകര്യം ഉള്ളവ | 25 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 25 |
| ചുറ്റുമതിൽ ഉള്ളവ | 8 |

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതിനും ചുറ്റുമതിൽ ഇല്ലാത്തവയ്ക്ക് ആയവ നിർമ്മിക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിന് അധികൃതരുടെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകേണ്ടതാണ്. 64,65,75,76,80 എന്നീ നമ്പരുകളിലുള്ള അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭിക്കുന്നതിന് സാദ്ധ്യതയുള്ളതായി ഐ സി ഡി എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും ശ്രദ്ധ ക്ഷണിക്കുന്നു. സ്ഥലം ലഭ്യമാക്കുന്നതിനും ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

29.01.2018ലെ സ.ഉ(കൈ)11/2018/തസ്വഭവ നമ്പർ ഉത്തരവ് അനുച്ഛേദം 7.8.2 പ്രകാരം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി അങ്കണവാടികളുടെ ശരിയായ പരിപാലനം ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും പ്രത്യേക ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-21 അംഗൻവാടി പോഷകാഹാരം- സ്റ്റോക്ക് രജിസ്റ്റർ കൃത്യമല്ല

അംഗൻവാടി പോഷകാഹാരം പദ്ധതിനിർവ്വഹണത്തിൽ ട്രഷറി ബിൽ നമ്പർ - 08/11.02.2021 പ്രകാരം 177042രൂപ മാവേലി സ്റ്റോർ, അയിരൂർ ന് നൽകിയിട്ടുണ്ട്. മാവേലി സ്റ്റോറിൽ നിന്ന് ലഭ്യമായ ബിൽ പ്രകാരമുള്ള സാധനങ്ങളുടെയും നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം സ്റ്റോക്കിൽ എടുത്ത സാധനങ്ങളുടെയും അളവിൽ വ്യത്യാസമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **ബിൽ നമ്പർ 0303107/20665 തീയതി 31.12.2020 തുക- 87760** | | | |
|---|---|---|---|
| **സാധനങ്ങൾ** | ബിൽ പ്രകാരമുള്ള അളവ് (കി.ഗ്രാം) | വില / കി.ഗ്രാം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള അളവ് (കി.ഗ്രാം) |
| ചെറുപയർ | 150 | 101 | 145 |
| ഗോതമ്പ് | 274 | 52.82 | 272 |
| ശർക്കര | 113 | 73.02 | 112 |
| **ബിൽ നമ്പർ 0303107/20386 തീയതി 16.09.2020 തുക- 89282** | | | |
| ഉഴുന്ന് | 53 | 89 | 56 |
| ചെറുപയർ | 168 | 94 | 165 |
| എണ്ണ | 81 | 209.08 | 69 |
| റവ | 285 | 57.42 | 277 |

| | | | |
|---|---|---|---|
| ഗോതമ്പ് | 280 | 53.88 | 277 |
| അരിപ്പൊടി | 210 | 33.52 | 208 |
| ശർക്കര | 101 | 60.42 | 98 |

മേൽ സൂചിപ്പിച്ച അപാകങ്ങൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.08/04.05.2022) നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടിയിൽ അങ്കണവാടിപ്രവർത്തകരുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ വ്യത്യാസം വന്നത് സംബന്ധിച്ച് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-22 എ.ബി.സി. പ്രോഗ്രാം- ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിട്ടറിംഗ് ഇല്ല

സെക്രട്ടറി നിർവ്വണം നടത്തിയ ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം (എസ്.0006/21) പ്രോജക്ട് പ്രകാരം 50,000 രൂപ (ബിൽ നം. 2005095201260038122/10-07-20) കുടുംബശ്രീയുടെ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. തുക ഒടുക്കുന്നതല്ലാതെ ഗ്രാമപഞ്ചായത്ത് തലത്തിൽ യാതൊരുവിധ മോണിറ്ററിംഗും നടത്തുന്നില്ലായെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. തുകയുടെ വിനിയോഗ വിവരവും ലഭ്യമാക്കിയിട്ടില്ല.

അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിക്കേണ്ടതും അതുവഴി പൊതുജനാരോഗ്യം സംരക്ഷിക്കേണ്ടതും 1998-ലെ കേരള പഞ്ചായത്ത് രാജ്(പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 6(1) ചട്ടം പ്രകാരം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. കുടുംബശ്രിയുടെ ജില്ലാ മിഷനാണ് പ്രോജക്ടിന്റെ നിർവ്വഹണമെങ്കിലും പഞ്ചായത്തിലെ ജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ടോ എന്നുറപ്പ് വരുത്തേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. പദ്ധതിയുടെ തുടർവർഷ പ്രവർത്തനത്തിന് ശക്തമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

## 1-23 നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല- തുടർ നിരീക്ഷണം അനിവാര്യം

2020-21 സാമ്പത്തിക വർഷം നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ തുക നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് |
|---|---|---|---|---|
| 1 | 8-ാം വാർഡിലെ മൂക്കന്നൂർ കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ അറ്റകുറ്റപ്പണി (S0124/21) | ഭൂഗർഭജല വകുപ്പ് | 68,000 | ഇല്ല |
| 2 | ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് ലൈൻ (S0130/21) | കെ.എസ്.ഇ.ബി. | 4,63,925 | 3,87,547 |
| 3 | 12-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0230/21) | കെ.എസ്.ഇ.ബി. | 48,581 | ഇല്ല |
| 4 | 4-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി. | 51,408 | ,, |

| | | | | |
|---|---|---|---|---|
| | (S0242/21) | | | |
| 5 | ചെറുകരപ്പടി വെള്ളവാളിപ്പടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0143/21) | കെ.എസ്.ഇ.ബി. | 13,086 | ,, |
| 6 | 10-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0144/21) | കെ.എസ്.ഇ.ബി. | 75,208 | ,, |
| 7 | 16-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0220/21) | കെ.എസ്.ഇ.ബി. | 99,899 | ,, |
| 8 | മനാട്ടപടി വാഴയിൽപടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (S0050/21) | വാട്ടർ അതോറിറ്റി | 2,50,000 | ,, |
| 9 | ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് ലൈൻ (S030/21) | കെ.എസ്.ഇ.ബി. | 6,33,424 | ,, |
| 10 | ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (S0241/21) | വാട്ടർ അതോറിറ്റി | 20,00,000 | ,, |

കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, ഭൂഗർഭ ജലവകുപ്പ് എന്നീ ഏജൻസികളിലെല്ലാം നിക്ഷേപ പ്രവൃത്തികൾക്കായി തുക നിക്ഷേപിക്കാറുണ്ടെങ്കിലും സ്ഥാപനവുമായി കരാറിൽ എർപ്പെടാറില്ല. പ്രസ്തുത ഏജൻസികൾ ലഭ്യമാക്കുന്ന എസ്റ്റിമേറ്റ് പ്രകാരം തുക നിക്ഷേപിക്കുക മാത്രമാണ് പഞ്ചായത്ത് സ്വീകരിച്ചുവരുന്ന നടപടിക്രമം.

പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിച്ച് വർക്ക്ബിൽ, കംപ്ലീഷൻ സർട്ടിഫിക്കറ്റ് , വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ആവശ്യപ്പെടുകയോ, പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ ചെലവ് കഴിഞ്ഞ് മിച്ചം വരുന്ന തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യാറില്ല.

2020-21-ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഏജൻസി | തുക |
|---|---|---|
| 1 | കെ.എസ്.ഇ.ബി. | 42,42,457 |
| 2 | കേരള വാട്ടർ അതോറിറ്റി | 41,22,804 |
| 3 | ഭൂഗർഭ ജലവകുപ്പ് | 1,75,029 |
| | ആകെ | 85,40,290 |

വിവിധ വർഷങ്ങളിൽ ഒടുക്കിയ തുകകളുടെ പൂർത്തീകരണ രേഖകൾ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും കൈപ്പറ്റി ആസ്തി ഹെഡിലേക്ക് മാറ്റുന്നതിന് പഞ്ചായത്ത് യാതൊരുവിധ നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. തുകകൾ ക്രമീകരിക്കാനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് |
|---|---|---|---|---|
| | 8-ാം വാർഡിലെ മൂക്കന്നൂർ കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ അറ്റകുറ്റപ്പണി (S0124/21) | ഭൂഗർഭജല വകുപ്പ് | 68,000 | ഇല്ല |
| | ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് ലൈൻ (S0130/21) | കെ.എസ്.ഇ.ബി. | 4,63,925 | 3,87,547 |
| | 12-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0230/21) | കെ.എസ്.ഇ.ബി. | 48,581 | ഇല്ല |
| | 4-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0242/21) | കെ.എസ്.ഇ.ബി. | 51,408 | ,, |
| | ചെറുകരപ്പടി വെള്ളവാളിപ്പടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0143/21) | കെ.എസ്.ഇ.ബി. | 13,086 | ,, |

| | | | | |
|---|---|---|---|---|
| | 10-ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0144/21) | കെ.എസ്.ഇ.ബി. | 75,208 | ,, |
| | 16-ാം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0220/21) | കെ.എസ്.ഇ.ബി. | 99,899 | ,, |
| | മനാട്ടപടി വാഴയിൽപടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (S0050/21) | വാട്ടർ അതോറിറ്റി | 2,50,000 | ,, |
| | ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് ലൈൻ (S030/21) | കെ.എസ്.ഇ.ബി. | 6,33,424 | ,, |
| | ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (S0241/21) | വാട്ടർ അതോറിറ്റി | 20,00,000 | ,, |

## 4-2 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (46/21) | 150000 | -- |
| ബ്ലോക്ക് പഞ്ചായത്ത് | 150000 | അങ്കണവാടി പോഷകാഹാരം (43/21) | 150000നി.തൊ.ക്ഷേ നി.തൊ.ക്ഷേ | - |
| ബ്ലോക്ക് പഞ്ചായത്ത് | 320000 | മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ SO (36/20-21) | 320000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 160000 | മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ New (131/21) | 160000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 160000 | ലൈഫ് ഭവനപദ്ധതി എസ്.സി( 102/21) New | 160000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 100000 | ലൈഫ് ഭവനപദ്ധതി എസ്.സി( 198/21) SO | 100000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 680000 | ലൈഫ് ഭവനപദ്ധതി ജനറൽ( 188/21) SO | 680000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 1456580 | ലൈഫ് ഭവനപദ്ധതി ജനറൽ( 198/21) New | 1456580 | - |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 300000 | പാലിയേറ്റീവ് കെയർ (9/21) | 300000 | - |
| ജില്ലാ പഞ്ചായത്ത് | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കി.തൊ.ക്ഷേ സ്കോളർഷിപ്പ് (46/21) | 200000 | - |
| ജില്ലാ പഞ്ചായത്ത് | 82500 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (105/21)New | 82500 | - |
| ജില്ലാ പഞ്ചായത്ത് | 240000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (26/21)SO | 240000 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 32,30,317 | 1,20,000 | 4,38,980 | -- | 29,11,337* |

*വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരുപ്പ് 29,22,421 രൂപയാണ്. വികസനഫണ്ടിൽ നിന്നും ലോൺ തിരിച്ചടവിലേക്കായി 2019-20-ൽ സോഴ്സ് റിക്കവറി നടത്തിയ 1,98,529രൂപയും 2020-21-ൽ സോഴ്സ് റിക്കവറി നടത്തിയ 2,19,490 രൂപയും ലോൺ അക്കൗണ്ടിൽ കുറവ് ചെയ്തിട്ടില്ല. കൂടാതെ 4,06,935 രൂപ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളത് ലോൺ അക്കൗണ്ടിൽ തെറ്റായി കുറവ് ചെയ്തിരിക്കുന്നു.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 141375 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 10603 |
| ആകെ | 151978 |
| തൻവർഷം പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 151978 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | ദി കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് (കേരള ബാങ്ക്) | 23-11-2020 (പുതുക്കി നിക്ഷേപിച്ചത്) | 23-11-2021 | 151978 |

വാർഷിക ധനകാര്യ പത്രിക പ്രകാരം നീക്കിയിരുപ്പ് 1,41,375 രൂപയാണ്. തൻവർഷം ആർജ്ജിച്ച പലിശയായ 10,603 രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| എൽ .എഫ്. പി. റ്റി. എ.പി-3/2006 തീയതി 4-06-2006 | 2.2 | 2006-07 | 3.18.1(17) | വൗച്ചറുകൾ, ഫയലുകൾ മറ്റ് അനുബന്ധ രേഖകൾ ഹാജരാക്കിയില്ല രൂ. 19,405 | പരാമർശം നിലനിൽക്കുന്നു |
| | 2.2 | 2006-07 | 3.18.1(17) | വൗച്ചറുകൾ, ഫയലുകൾ മറ്റ് അനുബന്ധ രേഖകൾ ഹാജരാക്കിയില്ല രൂ. 15,500 | ,, |
| 2014-15 | 2.1 | 2016-17 | 2-1 (അനുബന്ധം-4) | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | ,, |

## 4-8 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 87355972 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71601914 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **ഇല്ല** |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**തടസ്സപ്പെടുത്തിയ തുക**

**ഇല്ല**

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ

വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1994-95 &1995-96 | എൽ.എഫ്.പി.റ്റി.എ.പി3-258/98 തീയതി 13.07.00 | 5 |
| 1996-97 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-258/98 തീയതി 30.09.00 | 2 |
| 1997-98(വരവ്) | എൽ.എഫ്.പി.റ്റി.എ.പി5-822/07 തീയതി 13.05.08 | 2 |
| 1997-98(ജ.ആ) | എൽ.എഫ്.പി.റ്റി.എ.പി3-275/99 തീയതി 13.03.00 | 7 |
| 1997-98(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-523/98 തീയതി 06.02.99 | 3 |
| 1998-99(വരവ്) | എൽ.എഫ്.പി.റ്റി.എ.പി5-823/07 തീയതി 13.05.08 | 1 |
| 1998-99(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-179/00 തീയതി 13.04.00 | 12 |
| 1999-00(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-883/01 തീയതി 15.11.02 | 1 |
| 1999-00(ഫൈനൽ) | എൽ.എഫ്.പി.റ്റി.എ.പി7-550(A)/09 തീയതി 04.12.09 | 2 |
| 2000-01(വരവ്) | എൽ.എഫ്.പി.റ്റി.എ.പി3-258/98 തീയതി 13.07.00 | 1 |
| 2000-01(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി3-23/06 തീയതി 12.05.06 | 5 |
| 2000-01(ജ.ആ) | എൽ.എഫ്.പി.റ്റി.എ.പി3-88/04 തീയതി 03.01.04 | 3 |
| 2002-03(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി5-704/06 തീയതി 07.02.07/10.05.07 | 15 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി7-553/09 തീയതി 27.02.10/01.03.11 | 16 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി7-554/09 തീയതി 27.02.10/01.03.11 | 15 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി7-555/09 തീയതി 27.02.10/03.03.11 | 8 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി7-556/09 തീയതി 27.02.10/13.08.11 | 4 |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി7-557/09 തീയതി 27.02.10/03.03.11 | 10 |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി8-1153/14 തീയതി 22.12.14 | 4 |
| 2013-14 &2014-15 | കെ.എസ്.എ പി.റ്റി.എ-പി8/876/15 തീയതി 13-10-15/15-10-15 | 5 |
| 2015-16 | കെ.എസ്.എ പി.റ്റി.എ-പി8/1196/16 തീയതി 05-11-16 | 3 |
| 2016-17 | കെ.എസ്.എ പി.റ്റി.എ-പി8/832/2017 തീയതി 17.07.17 | 8 |
| 2017-18 | കെ.എസ്.എ പി.റ്റി.എ-പി8/100/2019 തീയതി 01.03.2019 | 9 |
| 2018-19 | കെ.എസ്.എ.പിറ്റിഎ.പി8/1010/2019 തീയതി.10.12.2019 | 3 |
| 2019-20 | കെ.എസ്.എ.പിറ്റിഎ.പി8/275/2021 തീയതി 04-05-2021 | 3 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട.**

# അനുബന്ധം-1
# ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ അയിരൂർ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്